## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് — എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2011-12 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.3 പ്രകാരം ഓഡിറ്റ് തടസ്സപ്പെടുത്തിയ ചെലവിന് സാധൂകരണം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ.(സാധാ) നം. 3651/15/തസ്വഭവ. തിരുവനന്തപുരം, തീയതി:5/12/2015

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 19/06/2015-ലെ എം3-29723/14 നമ്പർ കത്ത്.
2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 21/08/2015-ലെ 9261/പി.റ്റി2/2015 നമ്പർ കത്ത്

### ഉത്തരവ്

എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ 2011-12 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.3 പ്രകാരം അധിക സബ്സിഡി സർക്കാർ മുൻകൂർ അനുമതിയില്ലാതെ അനുവദിച്ച ഇനത്തിൽ 1,10,000/-(ഒരു ലക്ഷത്തി പതിനായിരം രൂപ മാത്രം) രൂപ ഓഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം ഒന്ന് പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

ടി വിഷയത്തിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച പ്രസ്തുത തുകയ്ക്ക് സാധൂകരണം നൽകുന്ന വിഷയത്തിലും വിനിയോഗിച്ച തുക ക്രമീകരിക്കുന്നതിലും സർക്കാരിന് യുക്തമായ തീരുമാനമെടുക്കാവുന്നതാണെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പരാമർശം രണ്ട് പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. തീരദേശ ചെല്ലാനം ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം ഗുണഭോക്താക്കളും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മത്സ്യത്തൊഴിലാളികളും സ്ഥിരവരുമാനമില്ലാത്തവരുമാണെന്നും, ഭൂരിഭാഗം ഗുണഭോക്താക്കളും ഉൾപ്രദേശങ്ങളിലാണ് താമസിച്ചിരുന്നത് എന്നും, വീട് റിപ്പയറിംഗിന് സാധന സാമഗ്രികൾ എത്തിക്കുന്നതിന് വളരെയധികം ചിലവ് വരുന്നതിനാലും സർക്കാർ മാർഗ്ഗരേഖ പ്രകാരമുള്ള 10,000/-രൂപ സബ്സിഡിയായി അനുവദിച്ചാൽ ഉദ്ദേശ്യ ലക്ഷ്യം കൈവരിക്കാൻ സാധിക്കാത്തതിനാലാണ് ഭരണസമിതിയുടെ ഐകകണ്ഠേനയുള്ള തീരുമാനപ്രകാരം 1,50,000/- രൂപയായി നിശ്ചയിച്ചതെന്ന വാദം മുഖവിലയ്ക്കെടുത്ത് സർക്കാർ ഉത്തരവിന് വിരുദ്ധമായി

ചെലവഴിച്ച 1,10,000/-(ഒരു ലക്ഷത്തി പതിനായിരം രൂപ മാത്രം) രൂപയുടെ ചിലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

റ്റി. വിജയൻ
ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
സെക്രട്ടറി, ചെല്ലാനം ഗ്രാമപഞ്ചായത്ത്, ചെല്ലാനം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ